ക്രമ നമ്പർ	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/വ്യക്തികൾ/ ഏജൻസികൾ/മറ്റ് സ്ഥാപനങ്ങൾ	തുക
1.	ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ	5,93,88,470
2.	ഷെഫി അൽഹസൻ, അബുദാബി	10,000
3.	രാഷ്ട്രദീപിക ലിമിറ്റഡ്, തിരുവനന്തപുരം	10,000
4.	രഘുനാഥൻ മാസ്റ്റർ, പുതുപ്പാടി, കോഴിക്കോട്	25,000
5.	ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രവും കൊല്ലം വിക്ടോറിയ ആശുപത്രിയും സംയുക്തമായി നൽകിയ സംഭാവന	30,000
	ആകെ	5,94,63,470

(സി) പദ്ധതിയുടെ നടത്തിപ്പിനായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന ഒരു കോടി രൂപയിൽ നിന്നും ഇതുവരെ 23,67,583 രൂപ ചെലവഴിച്ചിട്ടുണ്ട്. അതിൽ വി-കെയർ പദ്ധതി ധനസഹായ വിതരണത്തിനായി 1,88,000 രൂപയും, പബ്ലിസിറ്റി, ഫണ്ട് സമാഹരണവുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച ജില്ലാതല യോഗങ്ങൾ, എന്നിവയ്ക്കായി 21,79,583 രൂപയും ഉൾപ്പെടെ ആകെ 23,67,583 രൂപയും ചെലവഴിച്ചിട്ടുണ്ട്.

വികലാംഗർക്ക് മോട്ടോർ ഘടിപ്പിച്ച ത്രീ വീലറുകൾ

272 (1697) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) വികലാംഗർക്ക് മോട്ടോർ ഘടിപ്പിച്ച ത്രീ വീലറുകൾ ലഭിക്കുന്നതിനുള്ള മാനദണ്ഡവും നടപടിക്രമങ്ങളും വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വികലാംഗർക്ക് എത്ര മോട്ടോർ ഘടിപ്പിച്ച ത്രീ വീലറുകൾ നൽകിയിട്ടുണ്ടെന്നുള്ള ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) ഇതിനായി അപേക്ഷിച്ചിട്ടുള്ള എത്ര പേർക്ക് ഇനിയും പ്രസ്തുത വാഹനം നൽകാനുണ്ടെന്നുള്ള ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ;

(ഡി) ഈ വാഹനം ലഭിക്കുന്നതിനായി എവിടെയാണ് അപേക്ഷ സമർപ്പിക്കേണ്ടതെന്നും എന്തെല്ലാം രേഖകളാണ് ഹാജരാക്കേണ്ടതെന്നും അറിയിക്കുമോ ;

(ഇ) അപേക്ഷ സ്വീകരിച്ചുകഴിഞ്ഞാൽ എത്ര ദിവസത്തിനകം പ്രസ്തുത ആനുകൂല്യം നൽകുമെന്നുള്ള വിവരം അറിയിക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly